**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 555** **09-06-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് വേണ്ടി വരടി മലയിൽ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | **Shri K. Radhakrishnan**<br>**(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിലെ ഫാമിംഗ് സൊസൈറ്റിയുടെ കൈവശമുള്ള വരടി മല ഫാമിൽ 1970കളിൽ എത്ര ആദിവാസി കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചത്; | (എ) | സംഘം പ്രവർത്തനമാരംഭിച്ചത് 1975-ലാണ്. 120 കുടുംബങ്ങളെയാണ് വരടിമല ഫാമിൽ പുനരധിവസിപ്പിച്ചത്. അന്ന് ഇവർക്ക് വീട്, തൊഴിൽ, ഇവരുടെ കുട്ടികൾക്ക് വേണ്ടി നഴ്സറി സ്കൂൾ, ചിണ്ടക്കിയിൽ ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരുന്നു. മേൽപറഞ്ഞ പ്രകാരം 120 കുടുംബങ്ങൾക്ക് 120 വീടുകൾ പണിതിട്ടുണ്ടായിരുന്നു. വരടിമല ഉൾപ്പെടെ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും കൂടി പുനരധിവാസത്തിനായി ചെലവഴിച്ച തുകയിനത്തിൽ, 50,90,828/- രൂപ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളുടെയും പ്രവർത്തനത്തിനുള്ള വർക്കിംഗ് മൂലധനമായും കൂടാതെ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുമുള്ള 5,99,962.95 രൂപയും ആണ് പുനരധിവാസ സമയത്ത് ചെലവാക്കിയ തുക. |
| (ബി) | ആദിവാസികൾക്ക് വേണ്ടി വരടി മലയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; എത്ര രൂപയാണ് ചെലവഴിച്ചത്; എത്ര വീടുകളാണ് നിർമ്മിച്ചത്; | (ബി) | സംഘം പ്രവർത്തനമാരംഭിച്ചത് 1975-ലാണ്. 120 കുടുംബങ്ങളെയാണ് വരടിമല ഫാമിൽ പുനരധിവസിപ്പിച്ചത്. അന്ന് ഇവർക്ക് വീട്, തൊഴിൽ, ഇവരുടെ കുട്ടികൾക്ക് വേണ്ടി നഴ്സറി സ്കൂൾ, ചിണ്ടക്കിയിൽ ആശുപത്രി തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരുന്നു. മേൽപറഞ്ഞ പ്രകാരം 120 കുടുംബങ്ങൾക്ക് 120 വീടുകൾ പണിതിട്ടുണ്ടായിരുന്നു. വരടിമല ഉൾപ്പെടെ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും കൂടി പുനരധിവാസത്തിനായി ചെലവഴിച്ച തുകയിനത്തിൽ, 50,90,828/- രൂപ സംഘത്തിന്റെ കീഴിലുള്ള എല്ലാ ഫാമുകളുടെയും പ്രവർത്തനത്തിനുള്ള വർക്കിംഗ് മൂലധനമായും കൂടാതെ പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുമുള്ള 5,99,962.95 രൂപയും ആണ് പുനരധിവാസ സമയത്ത് ചെലവാക്കിയ തുക. |
| (സി) | വരടി മല ഫാമിൽ എത്ര ഏക്കറിൽ കൃഷി നടത്തി; | (സി) | സംഘത്തിന് സർക്കാരിൽ നിന്നും അനുവദിച്ച |

| | | | |
|---|---|---|---|
| | നിലവിൽ വരടി മല പുനരധിവാസ മേഖലയിൽ എത്ര കുടുംബങ്ങൾ സ്ഥിരതാമസമുണ്ട്; | | ലഭ്യമായ 290 ഹെക്ടർ സ്ഥലത്ത് 72 ഹെക്ടർ സ്ഥലം ഏലം കൃഷിയും 30 ഹെക്ടർ സ്ഥലത്ത് കാപ്പി കൃഷിയും ചെയ്തുവരുന്നു. നിലവിൽ വരടിമല ഫാമിൽ കുടുംബങ്ങൾ ആരും സ്ഥിര താമസം ഇല്ല. |
| (ഡി) | ഫാമിന്റെ തകർച്ചയ്ക്ക് കാരണമെന്തെന്നത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകുമോ? | (ഡി) | സംഘം തകർച്ചയിൽ ആയിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ 1975-ൽ ആരംഭിച്ച ടി സ്ഥാപനം മെമ്പർമാർക്കും, അവരുടെ ആശ്രിതർക്കും, കൂടാതെ അട്ടപ്പാടിയുടെ വിവിധ ഭാഗങ്ങളിലുള്ള പട്ടികവർഗ്ഗക്കാർക്കും ഇപ്പോഴും തൊഴിൽ നൽകിവരുന്നു. സംഘത്തിന്റെ തനത് വരുമാനത്തിന് പുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായവും ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ